"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - പ്രോജക്ട് ജീവനക്കാരുടെയും, ജില്ലാ കോ-ഓഡിനേറ്റർമാരുടെയും സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.105/2025/ENVT തീയതി,തിരുവനന്തപുരം, 21-10-2025

---

പരാമർശം:- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 19.09.2024-ലെ A1/8257/2022/KSBB നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യ സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ പ്രൊജക്ടുകൾ ബോർഡ് മുഖേന കേരളത്തിലുടനീളം നടത്തി വരുന്നതായും, പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ച 33 കരാർ ജീവനക്കാരിൽ (14 ജില്ലാ കോർഡിനേറ്റർമാർ ഉൾപ്പടെ) 26 പേരുടെ സേവന കാലാവധി 2025 മാർച്ച് 31 ന് മുൻപായി 2 വർഷം പൂർത്തിയാകുന്നതായും, ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ബി.എം.സി./ ഇതര സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ തുടർച്ചക്കും മേൽ സൂചിപ്പിച്ചവയുടെ സമയ ബന്ധിതമായ പൂർത്തീകരണത്തിനും, മേൽനോട്ടത്തിനുമായി കരാർ ജീവനക്കാരുടെ കാലാവധി നീട്ടി നൽകവാൻ അനുവാദം നൽകണമെന്നും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥയിന്മേൽ ശ്രീമതി.അക്ഷയ അനിൽ, ശ്രീമതി.മഞ്ജു.കെ.പി, ശ്രീ.സുജിത് കുമാർ.എസ്, ശ്രീ.അരുൺ.സി.രാജൻ എന്നിവരുടെ നിയമനം സാധൂകരിച്ച് നൽകുന്നതോടൊപ്പം, കരാർ/ദിവസവേതന ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ടിയാളുകളുടെ നിയമനം മതിയായ ഇടവേള നൽകി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. ശ്രീമതി. അക്ഷയ അനിൽ, (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രെട്ടറി മുഖേന)
3. ശ്രീമതി.മഞ്ജു.കെ.പി (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രെട്ടറി മുഖേന)

4. ശ്രീ.സുജിത് കുമാർ.എസ് (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന)

5. ശ്രീ.അരുൺ.സി.രാജൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന)

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള

7. ധനകാര്യ (പി യു സി) വകുപ്പ് (19.09.2025 ലെ 2929581/PU-C2/130/2024-Fin നമ്പർ കുറിപ്പ് പ്രകാരം)

8. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ENVT-A1/202/2024-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 21-10-2025 11:48:36

സെക്ഷൻ ഓഫീസർ